ഒഴുകുന്നതിന്റെ ഫലമായി ഇരുവശവുമുള്ള ധാരാളം ഭൂമി ഈ പുഴ കൈവശപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ അനധികൃതമായി കൈയ്യേറിയ ഭൂമി പുഴയിൽനിന്ന് തിരിച്ചുപിടിക്കാൻ എന്തായാലും സാധ്യമല്ല. ഇനിയും ഈ നില തുടരുമെങ്കിൽ പട്ടാമ്പി ടൗൺ തന്നെ അപകടത്തിലാകും. അതുകൊണ്ട് അടിയന്തിരമായി അവിടെ സംരക്ഷണ മതിൽ കെട്ടി പട്ടാമ്പിയെ ഒട്ടാകെയും അവിടെ താമസിക്കുന്ന ആളുകളേയും, കൃഷിയേയും തെങ്ങിനേയും കമുങ്ങിനേയും സംരക്ഷിക്കേണ്ടിയിരിക്കുന്നു. സംരക്ഷണമതിൽ കെട്ടാതെ ഒരു നിമിഷം പോലും മുന്നോട്ടുപോകാൻ കഴിയാത്ത സ്ഥിതിയാണിന്നുള്ളത്. അതുകൊണ്ട് ഇതിനാവശ്യമായ അടിയന്തിര നടപടി മന്ത്രി എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇത് ഈ കാലവർഷത്തിന്റെ കെടുതികളല്ല, സാധാരണ വർഷ കാലങ്ങളിൽ ഭാരതപ്പുഴയുടെ കര ഇടിഞ്ഞുപോകാറുണ്ട്. ഇതിനെ സംബന്ധിച്ചിടത്തോളം ഫ്ളഡ് കൺട്രോം ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി ചില വർക്കുകം അംഗീകരിച്ച് തന്നിട്ടുണ്ട്. ഭാരതപ്പുഴയുടെ സൈഡ് കെട്ടുന്നതിനുള്ള വളരെയധികം വർക്കുകം ഇപ്പോഴത്തെ ലിസ്റ്റിലുണ്ട്. പണത്തിന്റെ അഭാവംകൊണ്ട് എല്ലാം എടുത്തിട്ടില്ല. എന്നായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സംഗതികളുടെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് അതിനുള്ള പ്രവർത്തനങ്ങളം കൂടുതൽ ശക്തിപ്പെടുത്താനും വേഗതയിലാക്കാനുമുള്ള നിർദ്ദേശങ്ങളം കൊടുക്കാം.

(6) കർഷകത്തൊഴിലാളി പെൻഷൻ

ശ്രീ.സി.കെ തങ്കപ്പൻ: സർ,കഴിഞ്ഞ ഒരു വർഷത്തെ കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. മന്ത്രിയുടെ രേഖതന്നെ പറയുന്നത് 1985 ജൂൺവരെയുള്ള കുടിശ്ശിക കൊടുത്തു എന്നാണ്. ലക്ഷക്കണക്കിന് കർഷകത്തൊഴിലാളികം പഞ്ഞമാസം അടുത്തിരിക്കുന്ന അവസരത്തിൽ പട്ടിണി കിടക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക വിതരണം ചെയ്യണമെന്ന് അങ്ങയോട് ആവശ്യപ്പെടുകയാണ്. അതുപോലെതന്നെ കഴിഞ്ഞ രണ്ടു വർഷമായി വില്ലേജാഫീസുമുതൽ ലേബർ ആഫീസു വരെയുള്ള ആഫീസുകളിൽ കൊടുത്തിട്ടുള്ള രണ്ടു ലക്ഷം അപേക്ഷകം തീരുമാനം കാത്തുകിടക്കുന്നുണ്ട്. ലേബർ ആഫീസുകളിലും വില്ലേജാഫീസുകളിലും കിടക്കുന്ന അപേക്ഷകളെ സംബന്ധിച്ച് അടിയന്തിരമായി തീരുമാനം എടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു. അതുകൊണ്ട് കർഷകത്തൊഴിലാളി പെൻഷൻ അടിയന്തിരമായി വിതരണം ചെയ്യണമെന്ന് അങ്ങയോട് ആവശ്യപ്പെടുകയാണ്.

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ കെ. ശിവദാസൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കർഷകത്തൊളിലാളി പെൻഷൻ വിതരണം ചെയ്യുന്നത് മൂന്നു മൂന്നു മാസം കൂടുമ്പോഴാണ്. മലപ്പുറം ജില്ല ഒഴിച്ചുള്ള എല്ലാ ജില്ലകളിലും 1985 ഡിസംബർ മാസം വരെയുള്ള പെൻഷൻ പൂർണ്ണമായും നൽകിയിട്ടുണ്ട്. ഇനിയുള്ള ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഡ്യൂ ആകുന്ന പെൻഷൻ ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ മാസങ്ങളിൻ വിതരണം ചെയ്യുന്നതാണ്. ഒരു മാസം ഡ്യൂ

LIBRARY ARCHIVES Kerala Legislative Assembly

ആകുന്നത് അടുത്തത് ഡ്യൂ ആകുന്നതിനു മുൻപാണ് കൊടുത്തു വരുന്നത്. അങ്ങനെ മാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂ. അപ്പോൾ ഈ പറഞ്ഞ കണക്കിന് കൃത്രിശ്രിമയൊന്നും ഇല്ല. മലപ്പുറം ജില്ലയിൽ ഏതാനും ആളുകൾക്ക് കൊടുക്കാനുണ്ടെന്നതൊഴിച്ചാൽ ഈ പറയുന്ന രീതിയിലുള്ള കൃത്രിശ്രിമയൊന്നും ഇല്ല. മാർച്ച് മാസംവരെ ലേബർ ഡിപ്പാർട്ടുമെൻറിൽ വന്നിട്ടുള്ള എല്ലാ പെറ്റീഷനുകളും ഡിസ്പോസ് ചെയ്തിട്ടുണ്ട്. വില്ലേജാഫീസിൽ എത്രയുണ്ടെന്നന്വേഷിച്ചിട്ടേ പറയാൻ കഴിയുകയുള്ളൂ.

(7) നെടുമുടി–പള്ളാത്തുരുത്തി പാലങ്ങൾ

ശ്രീ. വി. ദിനകരൻ: സർ, അങ്ങേയ്ക്കുകൂടി താൽപര്യമുള്ള ഒരു വിഷയമാണ് ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നത്. ആലപ്പുഴ ജില്ലയിലെ പള്ളാത്തുരുത്തി, നെടുമുടി പാലങ്ങൾ ആലപ്പുഴയുടെതന്നെ മുഖച്ഛായ മാറ്റാൻ പര്യാപ്തമായിട്ടുള്ള രണ്ടു പാലങ്ങളാണ്. 10 വർഷംമുമ്പ് മരിച്ചുപോയ മുൻമന്ത്രി ശ്രീ. ടി. കെ. ദിവാകരൻ തറക്കല്ലിട്ട പാലങ്ങളാണിത്. ഈ വർഷം അദ്ദേഹത്തിന്റെ 10-ാം ചരമ വാർഷികം ആചരിക്കുകയാണ്. ജനങ്ങൾ ഇപ്പോൾ വളരെ ബുദ്ധിമുട്ടുകയാണ്. കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ഈ പാലങ്ങൾ നിർമ്മിക്കുന്നത്, ആവശ്യമായ ഫണ്ടില്ലാത്തതുമൂലം ഈ പാലത്തിന്റെ പണി ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. മൂത്തകുന്നം പാലമൊക്കെ എത്ര വേഗത്തിലാണ് തീർന്നത്. ആലപ്പുഴയ്ക്ക് ഇത് ഒരു ശാപമായി മാറിയിരിക്കുകയാണ്. നമ്മുടെ ധനകാര്യമന്ത്രി ഇക്കാര്യത്തിൽ വളരെ ഉദാരമായ സമീപനം സ്വീകരിക്കാമെന്നു പറഞ്ഞു. നമ്മുടെ ഡെപ്യൂട്ടി മുഖ്യമന്ത്രി എപ്പോഴും തയ്യാറാണതിന്. ഈ വരുന്ന ജനുവരിക്കു മുമ്പുതന്നെ ഈ പാലത്തിന്റെ പണി പൂർത്തീകരിച്ചുകൊണ്ട് ഐക്യജനാധിപത്യമുന്നണിയുടെ ഭരണ സമ്മാനമായി ആലപ്പുഴക്കാർക്ക് തെക്കു കിഴക്കൻ വെനീസ് എന്നറിയപ്പെട്ടിരുന്ന ആലപ്പുഴക്കാർക്ക് പഴയ നില പുനഃസ്ഥാപിച്ച് തരണമെന്നഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ഈ നെടുമുടി–പള്ളാത്തുരുത്തി പാലങ്ങളുടെ സ്ഥിതി ഗവൺമെൻറിന്റെ ശ്രദ്ധയിൽ വളരെ കർശനമായി പതിഞ്ഞിട്ടുണ്ട്. അതിനാവശ്യമായ നടപടി ഒരു സമയബന്ധിത പരിപാടി എന്നുള്ള നിലയ്ക്കുതന്നെ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ 16-ാം തീയതി ധനകാര്യ മന്ത്രിയുടേയും ധനകാര്യ വകുപ്പിലേയും പി. ഡബ്ലിയു. ഡി. യിലേയും K.S.C.C. യിലേയും ഉദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യത്തിൽ കൂടിയ കോൺഫറൻസിൽവച്ച് സുനിശ്ചിതമായ ചില പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സാമ്പത്തിക പ്രശ്നം മാത്രമല്ല തൊഴിലാളി പ്രശ്നവും ഈ പാലത്തിന്റെ പണി നീട്ടിക്കൊണ്ടുപോകാൻ കാരണമായിട്ടുണ്ട്. അതിനെല്ലാം ആവശ്യമായ സംവിധാനമുണ്ടാക്കി സാമ്പത്തികമായ വിഷമം ഇല്ലാതാക്കാമെന്ന് ഫിനാൻസ്മന്ത്രി സമ്മതിച്ചിട്ടുണ്ട്. അതു പോലെതന്നെ ലേബർ പ്രശ്നം പരിഹരിക്കാൻ ആവശ്യമായ സംവിധാനവും ഉണ്ടാക്കിക്കൊണ്ട് വരുന്ന മാർച്ച് 31-ാം തീയതിക്കു മുമ്പുതന്നെ പാലത്തിന്റെ പണി പൂർത്തിയാക്കണമെന്നുള്ള കർശനമായ നിർദ്ദേശം കൺസ്ട്രക്ഷൻ കോർപ്പറേഷനു നൽകിയിട്ടുണ്ട്. അതു പോലെ അവർ ചെയ്യുമെന്നാണ് എന്റെ വിശ്വാസം.

LIBRARY ARCHIVES Kerala Legislative Assembly